# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | പ്രധാനവാർത്തകൾ | **DATE:02.03.2025**

1. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ തിരുവനന്തപുരത്ത്. നാലാമത് പി പരമേശ്വരൻ സ്മാരക പ്രഭാഷണ പരിപാടിയിൽ പങ്കെടുക്കുന്നു.
2. സംസ്ഥാനത്ത് ആർസി ബുക്കുകൾ ഡിജിറ്റലാക്കിയത് ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമാണെന്ന് ഗതാഗതമന്ത്രി കെ. ബി. ഗണേഷ് കുമാർ.
3. 15 -ാം നിയമസഭയുടെ പതിമൂന്നാം സമ്മേളനം നാളെ പുനഃരാരംഭിക്കും.
4. പ്രാർഥനയുടെയും വ്രതശുദ്ധിയുടെയും പ്രതീകമായ റമദാൻ മാസത്തിന് തുടക്കം. രാജ്യത്തെ ജനങ്ങൾക്ക് ആശംസ അർപ്പിച്ച് പ്രധാനമന്ത്രി.
5. സംസ്ഥാനത്ത് **SSLC**, ഹയർസെക്കൻഡറി പരീക്ഷകൾ നാളെ ആരംഭിക്കും. **SSLC** പരീക്ഷ എഴുതുന്നത് നാല് ലക്ഷത്തി 27,000 ത്തിലധികം വിദ്യാർത്ഥികൾ.
6. ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിന്റെ അവസാന ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യ ഇന്ന് ന്യൂസിലാൻഡിനെ നേരിടും.

*******************************************************

RNU TVPM

## ഉപരാഷ്ട്രപതി

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ തിരുവനന്തപുരത്ത്. നാലാമത് പി പരമേശ്വരൻ സ്മാരക പ്രഭാഷണ പരിപാടിയിൽ പങ്കെടുക്കുന്നു. കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെന്ററിൽ നടക്കുന്ന പരിപാടിയിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും സന്നിഹിതനാണ്. ഭാരതീയ വിചാര കേന്ദ്രമാണ് പ്രഭാഷണം സംഘടിപ്പിക്കുന്നത്. തുടർന്ന് ഹൈദരാബാദിലേക്ക് പോകുന്ന ഉപരാഷ്ട്രപതി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ അധ്യാപകരും വിദ്യാർത്ഥികളുമായി സംവദിക്കും.

*******************************

## പി.എം.-ഗുജറാത്ത്

RNU TVPM

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഗുജറാത്തിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ജാംനഗറിലെ മൃഗസംരക്ഷണ പുനരധിവാസ കേന്ദ്രമായ വൻതാരയും ഗിർ ദേശീയോദ്യാനവും സന്ദർശിക്കും. സന്ദർശനത്തിന്റെ ഭാഗമായി നാഷണൽ ബോർഡ് ഫോർ വൈൽഡ്‌ലൈഫിന്റെ യോഗത്തിലും അദ്ദേഹം പങ്കെടുക്കും. സോമനാഥ് ക്ഷേത്രത്തിൽ ദർശനം നടത്തുന്ന പ്രധാനമന്ത്രി ശ്രീ സോമനാഥ് ട്രസ്റ്റിന്റെ യോഗത്തിൽ അധ്യക്ഷത വഹിക്കും.

*******************************

## ഗണേഷ് കുമാർ - ആർ സി ബുക്ക് (ഇൻട്രോ)

സംസ്ഥാനത്ത് ആർസി ബുക്കുകൾ ഡിജിറ്റലാക്കിയത് ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമാണെന്ന് ഗതാഗതമന്ത്രി കെ. ബി. ഗണേഷ് കുമാർ. രാജ്യത്തുതന്നെ ആദ്യമായിട്ടാണ് ഒരു

സംസ്ഥാനത്ത് ഇത്തരത്തിൽ ആർസി ബുക്കിന്റെ ഡിജിറ്റൽ പതിപ്പ് സജ്ജമാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

ഇന്നലെ മുതലാണ് സംസ്ഥാനത്ത് വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഡിജിറ്റലാക്കിയത്. കേന്ദ്ര സർക്കാർ മൊബൈൽ ആപ്പുകളായ ഡിജിലോക്കർ, എം-പരിവാഹൻ എന്നിവയിലൂടെയും ഡിജിറ്റൽ പതിപ്പ് ലഭ്യമാക്കും.

*******************************

## നിയമസഭാ സമ്മേളനം

15-ാം നിയമസഭയുടെ പതിമൂന്നാം സമ്മേളനം നാളെ പുനഃരാരംഭിക്കും. സർവകലാശാല നിയമഭേദഗതി ബില്ലും സ്വകാര്യ സർവകലാശാല ബില്ലും നാളെ സഭ പരിഗണിക്കും. ബജറ്റ് ചർച്ചകൾ പൂർത്തിയാക്കി കഴിഞ്ഞ മാസം 17 നാണ് നിയമസഭ പിരിഞ്ഞത്.

RNU TVPM

*******************************

## റംസാൻ-പ്രധാനമന്ത്രി

പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തെ ജനങ്ങൾക്ക് റമദാൻ ആശംസകൾ നേർന്നു. സമൂഹത്തിൽ സമാധാനവും ഒത്തൊരുമയും നിലനിർത്താൻ വിശുദ്ധ റമദാൻ മാസത്തിൽ സാധിക്കട്ടെയെന്ന് അദ്ദേഹം ആശംസിച്ചു.

*******************************

## റംസാൻ മാസപ്പിറവി (ഇൻട്രോ)

റമദാൻ വ്രത ചൈതന്യത്തിന്റെ നാളുകളാണ് സമാഗതമായിരിക്കുന്നത്. പകൽ പ്രാർത്ഥനകളിലും

ദാനധർമ്മങ്ങളിലും ഓരോ വിശ്വാസിയും മുഴുകുന്ന പുണ്യദിനങ്ങളിലൂടെയാണ് ഇനിയുള്ള ഒരു മാസക്കാലം കടന്നു പോകുക. സഹജീവി സ്നേഹവും കരുണയുമാണ് റമദാൻ മുന്നോട്ടുവെക്കുന്ന മഹത്തായ സന്ദേശം.

**ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്...**

**(വോയിസ്)**

*******************************

## എസ്എസ്എൽസി, പ്ലസ്ടു പരീക്ഷ

സംസ്ഥാനത്ത് SSLC, ഹയർസെക്കൻഡറി പരീക്ഷകൾക്ക് നാളെ തുടക്കം. നാല് ലക്ഷത്തി 27,021 വിദ്യാർത്ഥികളാണ് ഇത്തവണ SSLC പരീക്ഷ എഴുതുന്നത്. SSLC-യ്ക്ക് ഏറ്റവും കൂടുതൽ കുട്ടികൾ പരീക്ഷ എഴുതുന്നത് മലപ്പുറം വിദ്യാഭ്യാസ ജില്ലയിലും ഏറ്റവും കുറവ് കുട്ടനാട് വിദ്യാഭ്യാസ ജില്ലയിലുമാണ്. ഹയർസെക്കൻഡറി പരീക്ഷകൾ ഉച്ചയ്ക്ക് ശേഷമാണ് നടക്കുക. എല്ലാ പരീക്ഷകളും മാർച്ച് 26 ന് അവസാനിക്കും.

RNU TVPM

*******************************

## പൊലീസ് പരാതി പരിഹാര സംവിധാനം

സംസ്ഥാന പൊലീസിന്റെ സേവനങ്ങൾ സംബന്ധിച്ച പരാതി പരിഹാര സംവിധാനം നിലവിൽ വന്നു. കേരള പൊലീസ് ഓൺലൈൻ പോർട്ടലായ 'തുണ'യിലൂടെയോ 'പോൽ' ആപ്പിലൂടെയോ അപേക്ഷയോ പരാതിയോ നൽകിയവർക്ക് സേവനം വിലയിരുത്താനും പരാതിപ്പെടാനും ഇതിലൂടെ അവസരം ലഭിക്കും.

******************************

## കണ്ണൂർ-കാട്ടുപന്നി ആക്രമണം

കണ്ണൂർ പാനൂരിനടുത്ത് വള്ള്യായിയിൽ കാട്ടുപന്നിയുടെ ആക്രമത്തിൽ ഒരാൾ മരിച്ചു. കർഷകനായ ശ്രീധരനാണ് മരിച്ചത്. സംഭവത്തെക്കുറിച്ച് കൂടുതൽ അന്വേഷിച്ച് നടപടി സ്വീകരിക്കുമെന്ന് മന്ത്രി എകെ ശശീന്ദ്രൻ മാധ്യമങ്ങളോട് പറഞ്ഞു. കാട്ടുപന്നികളുടെ ആക്രമണം രൂക്ഷമായാൽ അവയെ വെടിവെച്ച് കൊല്ലാൻ പഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പഞ്ചായത്തിന്റെ വിശദീകരണം കൂടി തേടിയതിനുശേഷമാകും കൂടുതൽ നടപടിയെന്നും അദ്ദേഹം വ്യക്തമാക്കി.

******************************

## കണ്ണൂർ-കാടു വെട്ടൽ യജ്ഞം

RNU TVPM

കണ്ണൂർ ആറളം പുനരധിവാസ മേഖലയിലെ കാട്ടാനകളെ തുരത്തുന്നതിന്റെ ഭാഗമായി ഇന്ന് കാട് വെട്ടൽ മഹായജ്ഞം സംഘടിപ്പിക്കുന്നു. ആനകളെ തുരത്തുന്നത് എളുപ്പമാക്കാനും തുരത്തുന്ന ആനകൾ വിണ്ടും ഫാമിലേക്ക് തിരിച്ചുവരുന്നത് തടയാനുമാണ് കാട് വെട്ടുന്നത്. അതേസമയം കണ്ണൂർ ആറളം ഫാമിലെ ആന മതിലിന്റെ നിർമ്മാണത്തിനായി 164 മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ക്വട്ടേഷൻ അംഗീകരിച്ചു. ഇതിന്റെ പ്രവൃത്തികൾ നാളെ ആരംഭിക്കും

******************************

## പഴ വിപണി - ഇടുക്കി (ഇൻട്രോ)

വേനൽ കനത്ത് ചൂടേറിയതോടെ നാട്ടിലും നഗരത്തിലും പഴവർഗ്ഗങ്ങളുടെ വിപണി സജീവമായി. ആവശ്യക്കാർ

ഏറിയിട്ടുണ്ടെങ്കിലും പഴവർഗ്ഗങ്ങൾക്ക് ഇത്തവണ കാര്യമായി വില വർദ്ധിക്കാത്തത് ഉപഭോക്താക്കൾക്കും ആശ്വാസമാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

**(വോയിസ്)**

************************************

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളത്തിനെതിരെ വിദർഭ ശക്തമായ നിലയിൽ. രണ്ടാം ഇന്നിങ്സിൽ വിദർഭ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 314 റൺസെന്ന നിലയിലാണ്. കേരളത്തിനെതിരെ 351 റൺസിന്റെ ലീഡാണ് വിദർഭയ്ക്കുള്ളത്.

************************************

## ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ്

ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ പ്രാഥമിക റൗണ്ടിലെ അവസാന മത്സരത്തിൽ ഇന്ത്യ ഇന്ന് ന്യൂസിലാൻഡിനെ നേരിടും. ഉച്ചയ്ക്ക് 2.30 ന് ദുബായി ഇൻറർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം.

************************************

## ഐഎസ്എൽ

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ എഫ്.സി.-ബംഗളൂരു എഫ്.സിയെ നേരിടും. രാത്രി 07.30 ന് കൊൽക്കത്തെയിലെ സാൽട്ട് LAKE സ്റ്റേഡിയത്തിലാണ് മത്സരം.

************************************

PNU TVPM

## വട്ടവട-ഹർത്താൽ

വട്ടവട ഗ്രാമപഞ്ചായത്തിലെ തകർന്ന റോഡുകൾ നന്നാക്കാത്തതിൽ പ്രതിഷേധിച്ച് വട്ടവടയിൽ ഹർത്താൽ പ്രഖ്യാപിച്ച് കോൺഗ്രസ്. മറ്റന്നാൾ രാവിലെ 6 മുതൽ വൈകിട്ട് 5 വരെയാണ് ഹർത്താൽ. അവശ്യ സർവ്വീസുകളെ ഹർത്താലിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

******************************

## ഇലക്ഷൻ ഗ്രാമസഭ 2.0

ഇലക്ഷൻ ഗ്രാമസഭ കാസർഗോഡ് ജില്ലാതല ഉദ്ഘാടനം മായിപ്പാടിയിൽ ജില്ലാ കളക്ടർ കെ ഇമ്പശേഖർ നിർവഹിച്ചു. വോട്ടർ പട്ടികയിലെ തെറ്റുകൾ തിരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ സ്വീകരിക്കും.

RNU TVPM

******************************

## കൊല്ലം ജില്ല @75

കൊല്ലം ജില്ല രൂപീകൃതമായതിന്റെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ കൊല്ലം @ 75 പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നു. നാളെ മുതൽ ഈ മാസം പത്തുവരെ കൊല്ലം ആശ്രാമം മൈതാനിയിലാണ് മേള നടക്കുക. കൊല്ലത്തിന്റെ സാംസ്കാരിക പൈതൃകത്തെ അടിസ്ഥാനമാക്കി വിനോദത്തിനും വിജ്ഞാനത്തിനുമുള്ള പരിപാടികളും മേളയിൽ ഒരുക്കുന്നുണ്ട്.

******************************

## ഏലൂർ ടൂറിസം-പി രാജീവ്

എറണാകുളം ഏലൂരിനെ ടൂറിസം കേന്ദ്രമാക്കി മാറ്റുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് പറഞ്ഞു. ഏലൂർ വാട്ടർ മെട്രോ സ്റ്റേഷനോട് അനുബന്ധിച്ച് നടപ്പിലാക്കുന്ന ടൂറിസം അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ നിർമ്മാണത്തിന്റെയും ഏലൂർ വാട്ടർ ടൂറിസം പദ്ധതിയുടെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. അടുത്ത ഒരു വർഷത്തിനുള്ളിൽ ടൂറിസം കേന്ദ്രമാക്കി മാറ്റുകയാണ് ലക്ഷ്യം. ഓണത്തിന് മുമ്പായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കും വിധമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു.

*******************************

## പത്തനംതിട്ട - അപകടം

PRDTVPM

പത്തനംതിട്ട പന്തളം കൂരമ്പാലയിൽ എം.സിറോഡിൽ കാറും കെഎസ്ആർടിസി ബസും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ കാർയാത്രികരായ രണ്ടു പേർക്ക് പരിക്ക്. കൊട്ടാരക്കര ഭാഗത്തേയ്ക്ക് പോയ ബസും പന്തളത്തേയ്ക്ക് വന്ന കാറും തമ്മിലാണ് അപകടത്തിൽ പെട്ടത്. കാറിലുണ്ടായിരുന്ന രണ്ടു പേരുടേയും പരിക്ക് ഗുരുതരമാണ്.

*******************************

## ഡീലിമിറ്റേഷൻ കമ്മീഷൻ ഹിയറിംങ്

ഒമ്പത് തദ്ദേശ സ്ഥാപനങ്ങളിലെ വാർഡ് വിഭജന പരാതികളിൽ ഡീലിമിറ്റേഷൻ കമ്മീഷന്റെ ഹിയറിംഗ് ഈ മാസം 7ലേക്ക് മാറ്റി. തിരുവനന്തപുരത്ത് നടത്താനിരുന്ന ഹിയറിംഗ് ആണ് കോഴിക്കോട്ടേക്ക് മാറ്റി. കോഴിക്കോട്, കണ്ണൂർ, പാലക്കാട്, കാസർകോട് ജില്ലകളിലെ പരാതികളാണ് ഹിയറിംഗിൽ പരിഗണിക്കുന്നത്.

*******************************

## ദീപശിഖ ജാഥ

സിപിഐ എം സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായുള്ള ദീപശിഖ ജാഥ ഇന്നു ഉച്ചക്ക്  രണ്ട് മണിക്ക് വയലാറിൽ നിന്ന് ആരംഭിക്കും. പാർട്ടി പോളിറ്റ് ബ്യുറോ അംഗം എ വിജയരാഘവൻ ദീപശിഖ ജാഥ ഉദ്ഘാടനം ചെയ്യും. പി കെ ബിജുവാണ് ജാഥ ക്യാപ്റ്റൻ. വ്യാഴാഴ്ച മുതൽ നാല് ദിവസം കൊല്ലത്താണ് സിപിഐ എം സംസ്ഥാന സമ്മേളനം.

*

*****************

********************************************

RNU TVPM